## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 401 — 07.01.2014-ൽ മറുപടിയ്ക്ക്

# വയനാട്, കണിയാമ്പറ്റ, ചീക്കല്ലൂർ പടിഞ്ഞാറെ വീട് കോളനിയിൽ വൈദ്യുതി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ: | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ ചീക്കല്ലൂർ പടിഞ്ഞാറെ വീട് കോളനിക്കാർക്ക് വൈദ്യുതി ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടി ട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വീടിൻെറ വയറിംങ് ജോലികൾ പൂർത്തിയാക്കിയിട്ടും ഇവർക്ക് വൈദ്യുതി ലഭിക്കാത്തതിൻെറ കാരണം വ്യക്തമാക്കുമോ ; | (ബി) ചീക്കല്ലൂർ പടിഞ്ഞാറെ വീട് കോളനിക്കാർക്ക് വൈദ്യുതി എത്തിക്കുന്നതിന് വേണ്ടി കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ 10.10.2013-നു ലഭിക്കുകയും കോളനി വൈദ്യുതീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുകയായ 2,84,171 രൂപ അടയ്ക്കുന്നതിനുള്ള നോട്ടീസ് 26-11-2013-നു പഞ്ചായത്തിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത കോളനിയിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) പഞ്ചായത്തിൽ നിന്നും വൈദ്യുതീകരണത്തിനു വേണ്ട തുക 02-01-2014-നാണ് അടച്ചിരിക്കുന്നത്. ഇതനുസരിച്ച് പ്രസ്തുത കോളനിയിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടി ഉടൻ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.